പോലീസ് ഓഫീസർമാർ പ്രതികളായിട്ടുള്ള കേസുകൾ

36 [37] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് ഓഫീസർമാർ ഉൾപ്പെട്ട ക്രിമിനൽ കേസുകൾ ഉണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) അഴിമതിക്കാരായ പോലീസ് ഓഫീസർമാരെ നിരീക്ഷിക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 29 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട ക്രിമിനൽ കേസുകൾ ഉണ്ടായിട്ടുണ്ട്.

(ബി) പോലീസ് സേനയിൽ അഴിമതി പ്രവർത്തനങ്ങൾ തടയുന്നതിന് കാര്യക്ഷമമായ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഡിപ്പാർട്ട്മെന്റ് വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലേയും സ്പെഷ്യൽ ബ്രാഞ്ച് ഡി. വൈ. എസ്. പി.-മാരെ വിജിലൻസ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അഴിമതിപ്രവർത്തനം തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുജനങ്ങൾക്കിടയിൽ അഴിമതിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിലേക്കായി പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേനാംഗങ്ങൾക്കായി പൊതുജനങ്ങളിൽനിന്നും പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നതും സ്വീകരിക്കുന്നതും കുറ്റകരമാണെന്നും ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ പൊതുജനങ്ങൾ പ്രസ്തുത വിവരം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് വിജിലൻസ് ഉദ്യോഗസ്ഥനേയോ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയോ അറിയിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട വിജിലൻസ് ഉദ്യോഗസ്ഥരുടെ വിലാസവും ടെലിഫോൺ നമ്പരും സൂചിപ്പിക്കുന്ന ബോർഡുകൾ പോലീസ് സ്റ്റേഷൻ തുടങ്ങി മറ്റെല്ലാ പോലീസ് ഓഫീസുകളിലും പ്രദർശിപ്പിച്ചുവരുകയും ചെയ്യുന്നു.

രാഷ്ട്രീയ കൊലപാതകക്കേസുകൾ

37 [38] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റെടുത്തശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; അതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര;

(ബി) രാഷ്ട്രീയ കൊലപാതകങ്ങളിൽ എത്ര സി. പി. എം. പ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly